# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **486** | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക സേവന നികുതി നടപ്പാക്കുന്നതിനായി പാസ്സാക്കിയ നടപടിക്രമങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക സേവന നികുതി നടപ്പാക്കുന്നതിനായി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമം, ചട്ടങ്ങൾ, നടപടിക്രമങ്ങൾ, ജി.എസ്.ടി കൗൺസിൽ ശിപാർശകൾ എന്നിവയുടെ സംക്ഷിപ്ത വിവരണവും അതോടൊപ്പം പകർപ്പും ലഭ്യമാക്കുമോ; | (എ) യും (ബി) യും | ചരക്കുസേവന നികുതി സംബന്ധിച്ച സംക്ഷിപ്ത വിവരണം താഴെക്കൊടുക്കുന്നു.<br>ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണ ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരമായിരിക്കും. കേന്ദ്ര ധനകാര്യമന്ത്രി അദ്ധ്യക്ഷനും സംസ്ഥാന കേന്ദ്രപ്രദേശ ധന/നികുതി വകുപ്പ് മന്ത്രിമാർ ഇതിലെ അംഗങ്ങളുമാണ്. കേന്ദ്രത്തിന് 1/3 വോട്ടിംഗ് വെയിറ്റേജും ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടിവന്നാൽ 3/4 വോട്ടിംഗ് വെയിറ്റേജിലാണ് പ്രൊപ്പോസൽ പാസ്സാക്കുന്നത്. ആയതിനാൽ കേന്ദ്രം എതിർക്കുന്ന ഒരു പ്രൊപ്പോസലും പാസ്സാകുകയില്ല. ഒന്നര കോടി വരെ വിറ്റുവരവുള്ള ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്താനും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതം വീതം വയ്ക്കാൻ തീരുമാനം ആയിട്ടുണ്ട്. ജി. എസ്. ടി. യിൽ സംസ്ഥാനത്തിനകത്തെ ക്രയവിക്രയത്തിന് കേന്ദ്രത്തിന്റെ സി. ജി. എസ്. ടി. സംസ്ഥാനത്തിന്റെ എസ്. ജി. |
| (ബി) | ഈ നിയമം നടപ്പാക്കിയതിനു ശേഷം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ജി.എസ്.ടി യിന്മേലുള്ള അധികാരങ്ങൾ എന്തെല്ലാം എന്നും മറ്റു നിയന്ത്രണ അധികാര സ്ഥാനങ്ങൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | എസ്.ടി. എന്നീ രണ്ടു നികുതികൾ ഉണ്ടാകും. സംസ്ഥാനാന്തര വ്യാപാരത്തിന്മേൽ ഐ.ജി.എസ്.ടി. എന്ന മൂന്നാമതൊരു നികുതിയും. എല്ലാ നിയമങ്ങളും ജി.എസ്.ടി. കൗൺസിൽ ഉണ്ടാക്കുന്ന മാതൃകാനിയമത്തിന് അനുസൃതമായിരിക്കണം. കേന്ദ്ര ജി. എസ്. ടി. യും സംസ്ഥാന ജി. എസ്. ടി. യും യഥാക്രമം കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അക്കൗണ്ടുകളിലേക്കാണ് പോവുക. അതുകൊണ്ട് അവയുടെ മേലുള്ള ഇൻപുട്ട് ടാക്സ് ഇളവും പ്രത്യേകമായിരിക്കും.<br>GST നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ GST പ്രതികൂലമായി ബാധിക്കുകയില്ല. അന്തർസംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി വാങ്ങിയ വ്യാപാരിക്ക് അവർ തുടർ വില്പന നടത്തുമ്പോൾ ക്രെഡിറ്റ് എടുക്കാവുന്നതാണ്. നിലവിൽ കേന്ദ്രസർക്കാർ ചുമത്തിവരുന്ന കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, സേവന നികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിതനികുതി, കേന്ദ്രവില്പന നികുതി, ആഡംബരനികുതി, വാങ്ങൽനികുതി, ലോട്ടറി നികുതി തുടങ്ങിയവയും ഏകോപിപ്പിക്കുന്ന നികുതി വ്യവസ്ഥയാണ് ചരക്ക്സേവന നികുതി. എല്ലാ സപ്ലൈയിലും നൽകുന്ന നികുതി ഇൻവോയിസിൽ നിന്നും വ്യക്തമായി മനസ്സിലാക്കാമെന്നതിനാൽ ഈ നികുതി വ്യവസ്ഥ വളരെ സുതാര്യമാണ്. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കാൻ സാധിക്കുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാവുകയും ചെയ്യും. അതിവിപുലവും സങ്കീർണ്ണവുമായ |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടർ സംവിധാനം ജി. എസ്. ടി. പ്രാവർത്തികമാക്കുന്നതിന് ഒഴിവാക്കാനാവില്ല. ഈ കമ്പ്യൂട്ടർ സംവിധാനം പരിപാലിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ മുഴുവൻ സപ്ലൈയർമാരുടെയും രജിസ്ട്രേഷനും റിട്ടേണുകളും മറ്റും സ്വീകരിക്കുന്നതിനുമുള്ള ചുമതല ജി. എസ്. ടി. എൻ എന്ന കമ്പനിക്കാണ്. വില്ക്കുന്ന വ്യാപാരി വിറ്റ ചരക്കുകളുടേയും സേവനങ്ങളുടേയും Invoice level details – GSTN portal ൽ upload ചെയ്യേണ്ടതുണ്ട്. ഈ കമ്പനിയുടെ പോർട്ടലിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിന്റെ നികുതിവലയത്തിൽ വരുന്ന ഇടപാടുകൾ തൽസമയം പിൻവലിച്ചെടുക്കുന്നതിനും അവ സംബന്ധിച്ച് കൂടുതൽ വിശദമായ പരിശോധന നടത്തുന്നതിനും ആവശ്യമായ കമ്പ്യൂട്ടർ സംവിധാനം ഉണ്ടാകും.<br>പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവഹണ സമ്പ്രദായമാണ് ജി.എസ്.ടി. വിഭാവനം ചെയ്യുന്നതെന്നതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പൊതുവേ പ്രതീക്ഷിക്കുന്നത്. ചരക്കിൻമേലോ സേവനത്തിൻമേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ, കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ ജി. എസ്. ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി.എസ്.ടി നിയമത്തിൽ 171 വകുപ്പ് പ്രകാരം Anti- Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധനസേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുമണ്ടോയെന്ന് പരിശോധിക്കുന്നതാണ് മേല്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് ഈ അതോറിറ്റി. ഇൻപുട്ട് |

| | | | |
|---|---|---|---|
| | | | ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിനു നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. ഇതിനുവേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ട്. സ്ക്രീനിംഗ് കമ്മിറ്റിക്കു ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശുപാർശയോടുകൂടി സമർപ്പിക്കുന്നതുമാണ്. ഇവയെല്ലാം ഉൾക്കൊള്ളിച്ച കൈപ്പുസ്തകം തയ്യാറാക്കി നിയമസഭാ സാമാജികർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ജി.എസ്.ടി വഴിയുള്ള നികുതി പിരിവിന് ജി.എസ്.ടി കൗൺസിൽ തയ്യാറാക്കിയ പട്ടികയും നികുതി നിരക്കും എന്ത് എന്ന് വ്യക്തമാക്കുമോ; | (സി) | നികുതി നിരക്ക് സംബന്ധിച്ച സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 30/06/2017 ലെ GO(P) No.62/2017/Taxes (SRO No.360/2017) ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ജി.എസ്.ടി നടപ്പാക്കുക വഴി സംസ്ഥാന സർക്കാരിനുണ്ടാകുന്നത് നേട്ടങ്ങളാണോ കോട്ടങ്ങളാണോ എന്നും ധനവകുപ്പിന്റെ കണക്കുകളും വിശദാംശങ്ങളും എന്ത് എന്ന് വ്യക്തമാക്കുമോ? | (ഡി) | ചരക്കു സേവന നികുതി സംബന്ധിച്ച് 2017 ഓഗസ്റ്റ് മാസം മുതൽ മാത്രമേ റിട്ടേൺ ഫയൽ ചെയ്തു തുടങ്ങുകയുള്ളൂ. അതിനുശേഷം മാത്രമേ വിലയിരുത്തലുകൾ നടത്താൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം [illegible] ലഭ്യമാണ്